LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാഞ്ഞങ്ങാട് പുതിയകോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച സ്കെച്ച് പ്ലാൻ അംഗീകരിച്ച് നൽകുകയും 560 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തി ആരംഭിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

സംസ്ഥാനത്തെ പി.എച്ച്.സി.-കളുടെ പ്രവർത്തനം

74 (2349) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി-കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(ബി) ഡോക്ടർമാർ ഇല്ലാത്ത എത്ര പി.എച്ച്.സി. -കൾ സംസ്ഥാനത്തുണ്ട്;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി.-കളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം. മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും സബ്സെന്ററുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, എം.എൽ.എ./

എം.പി.ഫണ്ട്, പ്ലാൻ/നോൺ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവയുപയോഗിച്ച് പി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എച്ച്.സി.-കളിലെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി 42 പി.എച്ച്.സി.-കളിലായി ആകെ 281 തസ്തികകൾ സൃഷ്ടിച്ചു. പ്രതിദിന ശരാശരി ഒ.പി. 200-ൽ കൂടുതലുള്ള പി.എച്ച്.സി.-കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡോക്ടർമാരുടെ തസ്തികകൾ ഇല്ലാത്ത പി.എച്ച്.സി.-കൾ നിലവിലില്ല. സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുള്ളത് 35 പി.എച്ച്.സി. കളിലാണ്. ഇവിടങ്ങളിൽ അഡ്ഹോക്ക് നിയമനങ്ങൾ വഴിയും മറ്റ് സമീപത്തെ മേജർ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

സമഗ്ര ആരോഗ്യ നയം

75 (2350) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ നയം ആവിഷ്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നയം നാളിതുവരെ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണമെന്ത്; ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കുന്നതിന് വിവിധ വിഭാഗങ്ങളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 8-10-2012-ലെ സ.ഉ.(സാധാ) നമ്പർ3334/2012/ആ.കു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്ന് വിവിധ തലങ്ങളിലായി നടന്ന ചർച്ചകളിലൂടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly